(ബി) ഗവേണിംഗ് ബോഡി യോഗം ചേരുന്നതിനുമുമ്പ് അതിന്റെ തീയതി പരസ്യപ്പെടുത്താറുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ യോഗത്തിന്റെ തീയതി നേരത്തെ പത്ര ദ്വാരാ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ആർ. ഇ. സി. യിലെ ഗവേണിംഗ് ബോഡി യോഗം സാധാരണയായി കോളേജ് കാമ്പസിലോ തിരുവനന്തപുരത്തോ വച്ചാണ് നടത്താറുള്ളത്.

(ബി) സാധാരണയായി ഗവേണിംഗ് ബോഡി യോഗം ചേരുന്നതിന് 15 ദിവസം മുമ്പുതന്നെ എല്ലാ മെമ്പർമാരെയും അറിയിക്കാറുണ്ട്.

(സി) യോഗത്തിൽ പങ്കെടുക്കാൻ കഴിയും വിധം എല്ലാ മെമ്പർമാർക്കും റജിസ്ട്രേഡ് കത്തുകൾ അയയ്ക്കുന്നതുകൊണ്ട് യോഗം ചേരുന്ന തീയതി പത്രദ്വാരാ അറിയിക്കേണ്ട ആവശ്യമില്ല.

പാഠപുസ്തകങ്ങൾ അച്ചടിച്ച ഇനത്തിൽ സ്വകാര്യ പ്രസ്സുകൾക്ക് നൽകിയ സംഖ്യ

1861 [2901] ശ്രീ. ആർ. എസ്. ഉണ്ണി:
,, കെ. കൃഷ്ണൻകുട്ടി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ പാഠപുസ്തകങ്ങളുടെ അച്ചടിക്കൂലി ഇനത്തിൽ സ്വകാര്യ പ്രസ്സുകൾക്കു നൽകിയ സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി നൽകേണ്ടുന്ന സംഖ്യ എത്രയാണ്?

ഉത്തരം

(എ)

1982-83-ൽ	38,889.90 രൂപ.
1983-84-ൽ	11,469.20 രൂപ.
1984-85-ൽ	10,004.25 രൂപ.
1985-86-ൽ	75,45,889.55 രൂപ.

(ബി) 1985-86 വരെ അച്ചടി ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല.

ശമ്പള പരിഷ്കരണത്തിന് ടീച്ചിംഗ് സർവ്വീസ് കണക്കാക്കണമെന്ന നിർദ്ദേശം

1862 [2903] ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly